"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് - ന്യൂഡൽഹിയിൽ വച്ച് നടക്കുന്ന പത്തൊമ്പതാം സ്റ്റാറ്റിസ്റ്റിക്സ് ദിനാഘോഷ പരിപാടിയിൽ പങ്കെടുക്കുന്നതിന് സാമ്പത്തിക സ്ഥിതിവിരക്കണക്ക് വകുപ്പ് ഡയറക്ടറുടെ ചുമതല വഹിക്കുന്ന ശ്രീ.രജത്.ജി.എസ്-ന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആസൂത്രണ സാമ്പത്തികകാര്യ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.**272/2025/P&EA** തീയതി,തിരുവനന്തപുരം, **28-06-2025**

---

പരാമർശം:- സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഡയറക്ടറുടെ **24/06/2025**ലെ ഡിഇഎസ്/**2734/2025**-പി.ബി **3** നമ്പർ കത്ത്.

**ഉത്തരവ്**

ന്യൂഡൽഹിയിലെ ഭാരത മണ്ഡപത്തിൽ വച്ച് **2025** ജൂൺ **30**-ന് നടക്കുന്ന പത്തൊമ്പതാം സ്റ്റാറ്റിസ്റ്റിക്സ് ദിനാഘോഷ പരിപാടിയിൽ സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിനെ പ്രതിനിധീകരിച്ച് ഒരു ഉദ്യോഗസ്ഥൻ പങ്കെടുക്കേണ്ടതാണെന്ന് മിനിസ്ട്രി ഓഫ് സ്റ്റാറ്റിസ്റ്റിക്സ് ആൻഡ് പ്രോഗ്രാം ഇംപ്ലിമെന്റേഷനിൽ നിന്നും അറിയിച്ചിട്ടുണ്ടെന്നും, ആയതിനാൽ പ്രസ്തുത പരിപാടിയിൽ പങ്കെടുക്കുന്നതിന് വകുപ്പ് ഡയറക്ടറുടെ ചുമതല വഹിക്കുന്ന ശ്രീ.രജത്.ജി.എസ്-ന് അനുമതി നൽകണമെന്നും സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് ഡയറക്ടർ പരാമർശത്തിലെ കത്ത് പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. **2025** ജൂൺ **30**-ന് ഭാരതമണ്ഡപം, ന്യൂഡൽഹിയിൽ വച്ച് നടക്കുന്ന പത്തൊമ്പതാം സ്റ്റാറ്റിസ്റ്റിക്സ് ദിനാഘോഷ പരിപാടിയിൽ പങ്കെടുക്കുന്നതിനും ആയതിലേയ്ക്കായി വ്യോമമാർഗ്ഗം യാത്ര ചെയ്യുന്നതിനും സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഡയറക്ടറുടെ ചുമതല വഹിക്കുന്ന ശ്രീ.രജത് ജി.എസ്-ന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മനോജ് കെ എസ്
അണ്ടർ സെക്രട്ടറി

1. ശ്രീ.രജത് ജി.എസ്.,ഡയറക്ടർ (i/c), സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്, തിരുവനന്തപുരം.
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം

3. ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം.
4. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ്ബ് & ന്യൂ മീഡിയ ഡിവിഷൻ)
5. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (File No.: PLGEA-B3/102/2025-PLG)

ഉത്തരവിൻ പ്രകാരം

Signed by

Unnikrishnan Nair. B. S

Date: 28-06-2025 13:40:14

സെക്ഷൻ ഓഫീസർ